തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസിയർ എന്നിവരുടെ അപര്യാപ്തത

56 [1743] *ശ്രീ. വി. കെ. സി. മമ്മത്കോയ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അസിസ്റ്റന്റ് എഞ്ചിനീയർമാർ, ഓവർസിയർമാർ എന്നിവർ ഇല്ലാത്തതിനാൽ പദ്ധതി പ്രവർത്തനങ്ങൾക്ക് തടസ്സം നേരിടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(സി) ഈ സർക്കാരിന്റെ കാലയളവിൽ എത്ര അസിസ്റ്റന്റ് എഞ്ചിനീയർമാർ, ഓവർസിയർമാർ എന്നിവരെ പുനർവിന്യസിച്ചിട്ടുണ്ട്;

(ഡി) പുനർവിന്യാസം വഴിയോ അല്ലാതെയോ പഞ്ചായത്തുകൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പൊതുമരാമത്ത്, ജലവിഭവ വകുപ്പുകളിൽ നിന്ന് 100 അസിസ്റ്റന്റ് എഞ്ചിനീയർമാരേയും 404 ഓവർസിയർമാരേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് ഇനിയും പുനർവിന്യസിക്കാനുണ്ട്. ഇവരെ പുനർവിന്യസിക്കുന്നതിനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുന്നു. പുനർവിന്യസിച്ച് ലഭിച്ചാലുടൻതന്നെ എഞ്ചിനീയർമാരില്ലാത്ത പഞ്ചായത്തുകളിൽ നിയമിക്കുന്നതാണ്. എഞ്ചിനീയർമാരുടെ അഭാവത്തിൽ ടെക്നിക്കൽ കമ്മിറ്റിയിലെ എഞ്ചിനീയർമാർ, റിട്ടയർ ചെയ്ത എഞ്ചിനീയർമാർ, എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക്കുകൾ എന്നിങ്ങനെയുള്ള സ്ഥാപനങ്ങളിലെ അധ്യാപകർ എന്നിവരുടെ സേവനം ഉപയോഗപ്പെടുത്താറുണ്ട്.

(സി) അസിസ്റ്റന്റ് എഞ്ചിനീയർമാർ – 351
ഓവർസിയർമാർ – 1354

(ഡി) സ്വീകരിച്ചു വരുന്നു.

സുനാമി ബാധിത പഞ്ചായത്തുകളുടെ വാർഷിക പദ്ധതി ദീർഘിപ്പിക്കൽ

57 [1744] *ശ്രീ. ടി. കെ. ദേവകുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ബാധിത പഞ്ചായത്തുകൾക്ക് കഴിഞ്ഞ വാർഷിക പദ്ധതി ദീർഘിപ്പിച്ചു കൊടുക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വാർഷിക പദ്ധതിയുടെ കാലാവധി ദീർഘിപ്പിച്ചു കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നോ;

(സി) എത്ര നാളത്തേക്കാണ് കാലാവധി ദീർഘിപ്പിച്ചു നൽകിയിരുന്നത്;

(ഡി) ഇതു സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിരുന്നു.

(ബി) — (ഡി) 2004-05 വാർഷിക പദ്ധതിയിൽ 85 ശതമാനത്തിൽ കുറവ് പദ്ധതിവിഹിതം വിനിയോഗിച്ച തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അവർ എത്ര തുക കൂടി ചെലവഴിച്ചിരുന്നുവെങ്കിലാണ് 85% ചെലവ് ഉണ്ടാകുമായിരുന്നത് അത്രയും തുക, പരമാവധി പുതുക്കി നിശ്ചയിച്ച പദ്ധതി വിഹിതത്തിന്റെ 25% എന്ന നിരക്കിൽ, 2005-06-ൽ പ്രത്യേകം അനുവദിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. 2005 മേയ് 31-നകം പൂർത്തിയാക്കുന്ന സ്പിൽ ഓവർ പ്രവൃത്തികൾക്കാണ് ഇപ്രകാരം അധിക പദ്ധതി വിഹിതം അനുവദിച്ചിട്ടുള്ളത്. ഈ തീരുമാനം സുനാമി ബാധിത പഞ്ചായത്തുകൾ ഉൾപ്പെടെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ബാധകമാണ്. കൂടാതെ, ആലപ്പാട്, ആറാട്ടുപുഴ, എടവനക്കാട് ഗ്രാമപഞ്ചായത്തുകൾക്ക് കഴിഞ്ഞ വർഷത്തെ പ്രോജക്ടുകൾ പൂർത്തീകരിക്കുന്നതിനുള്ള കാലാവധി വീണ്ടും ദീർഘിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

— അർഹതയുള്ളവരെ ബി.പി.എൽ.-ൽ ഉൾപ്പെടുത്തുവാനും അനർഹരെ ഒഴിവാക്കാനും നടപടി

58 [1745] *ശ്രീ. കെ. എൻ. എ. ഖാദർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിൽ അർഹതപ്പെട്ടവരെ ബി.പി.എൽ. വിഭാഗത്തിൽ ഉൾപ്പെടുത്തുവാനും അനർഹരെ ഒഴിവാക്കുവാനും ഗ്രാമപഞ്ചായത്തുകൾവഴി അടിയന്തിര നടപടി സ്വീകരിക്കണമെന്ന ആവശ്യം സർക്കാരിന്റെ മുന്നിലുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) & (ബി) പത്താം പദ്ധതിക്കായുള്ള ദാരിദ്ര്യരേഖാ സെൻസസ് നടത്തുന്നത് സംബന്ധിച്ച് കേന്ദ്ര ഗ്രാമവികസന മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി 2003 മേയ്, ജൂൺ മാസങ്ങളിൽ സംസ്ഥാനത്ത് പുതിയ ദാരിദ്ര്യരേഖാ സെൻസസ്സ് നടത്തിയിരുന്നു. സെൻസസ്സിലൂടെ ശേഖരിച്ച വിവരങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly